ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 08.08.2025

## പ്രധാനവാർത്തകൾ

1. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2. 2025-26 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി ഉജ്ജ്വല യോജന ഉപഭോക്തൃ സബ്സിഡി തുടരുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

3. ബന്ധുക്കളിൽ നിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്തി സംരക്ഷണം നൽകാൻ പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകുമെന്ന് മന്ത്രി വി ശിവൻകുട്ടി.

4. ഗോത്രകലാരൂപങ്ങളെ പുതുതലമുറയ്ക്ക് കൈമാറുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കുമെന്ന് മന്ത്രി എം. ബി രാജേഷ്.

5. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും കാലാനുസൃതമായ മാറ്റം വരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വി. അബ്ദുറഹ്മാൻ.

6. അപകട സാധ്യതയുള്ള പ്രദേശങ്ങളിലെ വൈദ്യുതി ലൈനുകൾ പിവിസി കവചിതമായ ഏരിയൽ ബെഞ്ച്ഡ് കേബിളിലേക്ക് മാറ്റുമെന്ന് കെഎസ്ഇബി.

*********************************

RNUTVPM

## പാർലമെൻറ്

ബിഹാറിലെ വോട്ടർ പട്ടിക പരിഷ്കരണം ഉൾപ്പടെയുള്ള വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന് കീഴിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് ഇരുസഭകളും സമ്മേളനം ആരംഭിച്ചത്. ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ച രാജ്യസഭയിൽ നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിഷേധം രൂക്ഷമായതോടെ ഇന്നത്തേക്ക് പിരിയുകയായിരുന്നു. 12 മണി വരെ നിർത്തിവച്ച ലോക്സഭ മൂന്ന് മണിക്ക് നടപടികൾ പുനരാരംഭിച്ചെങ്കിലും ബഹളം രൂക്ഷമായതോടെ ഇന്നത്തേക്ക് പിരിഞ്ഞു.

******************************************

## ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പയിന് ഇന്ന് തുടക്കമായി. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ നടക്കും. ഓഗസ്റ്റ് 15 വരെയാണ് "എല്ലാ വീട്ടിലും ത്രിവർണ്ണ പതാക, എല്ലാ വീട്ടിലും ശുചിത്വം" ക്യാമ്പയിൻ സംഘടിപ്പിക്കുക.

PRD TVPM

******************************************

## ക്യാബിനറ്റ് (ഇൻട്രോ)

2025-26 വർഷത്തേക്ക് പ്രധാനമന്ത്രി ഉജ്ജ്വല യോജന ഉപഭോക്താക്കൾക്കുള്ള സബ്സിഡികൾ തുടരുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. 12,000 കോടി രൂപയിലധികം ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതിയിലൂടെ 10 കോടി 33 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും കേന്ദ്ര മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 14.2 കിലോഗ്രാം എൽപിജി സിലിണ്ടർ പ്രതിവർഷം ഒമ്പത്

തവണ വരെ റീഫിൽ ചെയ്യുന്നതിന് 300 രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. (ഹോൾഡ് വോയിസ്...... )

ആഭ്യന്തര എൽപിജി വിൽപ്പനയിൽ ഉണ്ടായ നഷ്ടപരിഹാരത്തിന് മൂന്ന് പൊതുമേഖലാ എണ്ണ വിപണന കമ്പനികൾക്ക് 30,000 കോടി രൂപയുടെ നഷ്ടപരിഹാരവും അംഗീകരിച്ചു. സാങ്കേതിക വിദ്യാഭ്യാസത്തിലെ ഗുണനിലവാരം, തുല്യത, എന്നിവ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിക്ക് നാലായിരത്തി 200 കോടി രൂപയുടെ ബജറ്റ് പിന്തുണയ്ക്ക് സർക്കാർ അനുമതി നൽകിയതായും കേന്ദ്രമന്ത്രി പറഞ്ഞു. തമിഴ്നാട്ടിലെ മരക്കാനം മുതൽ പുതുച്ചേരി വരെയുള്ള നാലുവരി ഹൈവേകളുടെ നിർമ്മാണത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്നും ശ്രീ വൈഷ്ണവ് അറിയിച്ചു.

*****************************************

## ഹെൽപ് ബോക്സ്-ശിവൻകുട്ടി

വീട്ടിൽ ബന്ധുക്കളിൽ നിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർത്ഥികളെ കണ്ടെത്തി സംരക്ഷണം നൽകാൻ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഇതിൻറെ ഭാഗമായി, സ്കൂളുകളുടെയും വിദ്യാർത്ഥി സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ കണക്കെടുപ്പ് നടത്തും. കുട്ടികൾക്ക് സുരക്ഷിതമായി പരാതികൾ അറിയിക്കാൻ എല്ലാ സ്കൂളുകളിലും 'ഹെൽപ് ബോക്സ്' സ്ഥാപിക്കും. ആഴ്ചയിൽ ഒരിക്കൽ ഹെൽപ് ബോക്സ് തുറന്ന് റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന രീതിയിലായിരിക്കും ക്രമീകരണമെന്നും മന്ത്രി സമൂഹമാധ്യമത്തിൽ അറിയിച്ചു.

*****************************************

PNU TVPM

## ബ്രഹ്മോസ്

തിരുവനന്തപുരത്തെ ബ്രഹ്മോസ് എയറോസ്പേസ് നിർമ്മാണ സ്ഥാപനം നിലനിർത്തണമെന്നാവശ്യപ്പെട്ട് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന് മുഖ്യമന്ത്രി പിണറായി വിജയൻ കത്തെഴുതി. ബ്രഹ്മോസ് എയറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിനെ മാതൃകമ്പനിയായ ബ്രഹ്മോസ് എയറോസ്പേസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്ന് വേർപെടുത്താൻ നടപടികൾ ആരംഭിച്ചതായുള്ള വിവരം ആശങ്കജനകമാണെന്ന് മുഖ്യമന്ത്രി കത്തിൽ ചൂണ്ടിക്കാട്ടി.

*******************************

## പി എ മുഹമ്മദ് റിയാസ്

സംസ്ഥാനത്ത് ദേശീയപാത 66-ൻറെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് നിർദേശിച്ച് മന്ത്രി പി.എ.മുഹമ്മദ് റിയാസ്. ഗുണനിലവാരം ഉറപ്പുവരുത്തണമെന്നും ദേശീയപാത പ്രവൃത്തികൾ അവലോകനം ചെയ്യാൻ ചേർന്ന ഉന്നതതലയോഗത്തിൽ ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദ്ദേശം നൽകി.

*******************************

RNUTVPM

## വി. അബ്ദുറഹ്മാൻ

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കും കാലാനുസൃതമായ മാറ്റം വരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വി. അബ്ദുറഹ്മാൻ. മലപ്പുറം താനൂർ ദേവധാർ യു.പി സ്കൂളിൽ വിവിധ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആധുനിക ശാസ്ത്ര മേഖലകളിലുള്ള അറിവും പരിസ്ഥിതിയെ അറിയാനുള്ള അവസരവും കുട്ടികൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി .

*******************************

## എം. ബി രാജേഷ്

ഗോത്രകലാരൂപങ്ങളെ പുതുതലമുറയ്ക്ക് കൈമാറുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കുമെന്ന് മന്ത്രി എം. ബി

രാജേഷ്. കുടുംബശ്രീ ജനഗൽസ തദ്ദേശീയ കലാരൂപ സംരംഭ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം കാസർകോട് നിർവഹിക്കുകയായിരുന്നു മന്ത്രി. തദ്ദേശീയ ജനവിഭാഗത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കുടുംബശ്രീ നടത്തി വരുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും മന്ത്രി പറഞ്ഞു. പട്ടികവർഗ അനിമേറ്റർമാരുടെയും, ബ്രിഡ്ജ് കോഴ്സ് മെൻറർമാരുടെയും മേഖലാതല സംഗമത്തിൻറെ ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.

**************************************

## മന്ത്രി പി രാജീവ് - കയർ മേഖല

കയർ ആർട്ടിസാൻ ട്രെയിനിംഗ് പൂർത്തീകരിച്ചവർക്കായി രൂപീകരിച്ച സംഘത്തിൻറെ പ്രവർത്തന ഉദ്ഘാടനവും ആദ്യ ഓർഡർ വിതരണവും മന്ത്രി പി രാജീവ് ആലപ്പുഴയിൽ നിർവഹിച്ചു. കയർമേഖലയിലെ പുതിയ പദ്ധതികളുടെ പ്രഖ്യാപനം മന്ത്രി നിർവഹിച്ചു. കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളുടെ വിതരണം മന്ത്രി പി രാജീവും മന്ത്രി പി പ്രസാദും ചേർന്ന് നിർവഹിച്ചു.

RNU TVPM

**************************************

## വയനാട് (ഇൻട്രോ)

പുത്തുമല ദുരന്തത്തിന് ആറാണ്ട്. നിരന്തരം പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന പുത്തുമല, ചൂരൽമല, മുണ്ടക്കയം പ്രദേശങ്ങൾ മനുഷ്യവാസത്തിന് അനുയോജ്യമാണോ എന്ന് ശാസ്ത്രീയമായി പഠനം വേണം എന്ന ആവശ്യം ഉയരുകയാണ്.
വയനാട് നിന്നും ആകാശവാണി പ്രതിനിധി അരുൺ വിൻസെൻറ് തയ്യാറാക്കിയ റിപ്പോർട്ട്.
(ഹോൾഡ് വോയ്സ്.......)

**************************************

## കെ എസ് ഇ ബി

സംസ്ഥാനത്ത് അപകട സാധ്യതയുള്ള പ്രദേശങ്ങളിലെ വൈദ്യുതി ലൈനുകൾ പിവിസി കവചിതമായ ഏരിയൽ ബെഞ്ച്ഡ് കേബിളിലേക്ക് മാറ്റുമെന്ന് കെഎസ്ഇബി. വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, സസ്യങ്ങൾ വേഗത്തിൽ വളരുന്ന സ്ഥലങ്ങൾ, സ്കൂൾ, അങ്കണവാടി, ആരാധനാലയങ്ങൾ , ജനസാന്ദ്രതയേറിയ പ്രദേശങ്ങൾ, അപകടസാധ്യതയുള്ള മറ്റു സ്ഥലങ്ങൾ എന്നിവിടങ്ങളാണ് അടിയന്തരമായി എബിസി കേബിളിലേക്കു മാറുക.

*************************************

## കരട് വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശതിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ നാളെയും മറ്റന്നാളും തുറന്നു പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

RNUTVPM

*************************************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ ഒരു വീട്ടിൽ ഒരു സംരംഭം എന്ന പേരിൽ പുതിയ പദ്ധതിക്ക് ജില്ലാ കുടുംബശ്രീ മിഷൻ തുടക്കമിടുന്നു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.
(വോയ്സ്.....)

*************************************

## സംസ്ഥാന ബാലാവകാശ കമ്മീഷൻ

ആലപ്പുഴ ചാരുംമൂട്ടിൽ പിതാവിൽ നിന്നും രണ്ടാനമ്മയിൽ നിന്നും പീഡനം നേരിട്ട നാലാം ക്ലാസ്സുകാരിയുടെ

സംരക്ഷണം അമ്മുമ്മയ്ക്ക് കൈമാറി. ബാലാവകാശ കമ്മീഷൻ നിർദേശ പ്രകാരം ശിശു സംരക്ഷണ സമിതിയാണ് കുട്ടിയുടെ സംരക്ഷണം അമ്മുമ്മയെ ഏൽപ്പിച്ചത്. സംഭവത്തിൽ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തിരുന്നു.

***********************************

### ഇന്ത്യ- അമേരിക്ക

അമേരിക്കയിൽ നിന്ന് പ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ ഇന്ത്യ നിർത്തിവച്ചതായി അവകാശപ്പെടുന്ന വാർത്തകൾ നിഷേധിച്ച് പ്രതിരോധ മന്ത്രാലയം. ഈ മാധ്യമ റിപ്പോർട്ടുകൾ വ്യാജവും കെട്ടിച്ചമച്ചതുമാണെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

***********************************

### മഴ - സംസ്ഥാനം

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

RNU TVPM

***********************************

### ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 765 പോയിൻറ് നഷ്ടത്തിൽ 79,858 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 233 പോയിൻറ് നഷ്ടത്തിൽ 24,363 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില ഉയർന്നു. പവന് 560 രൂപ കൂടി 75,760 രൂപയും, ഗ്രാമിന് 9,470 രൂപയുമാണ് ഇന്നത്തെ വില.

***********************************

### മന്ത്രി പി പ്രസാദ്

ഖാദിയുടെ പ്രചാരണം സാധാരണകാർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ്. ആലപ്പുഴ ജില്ലാ ഖാദിഗ്രാമ

വ്യവസായ ഓഫീസിൻറെ ഓണം ഖാദി മേളയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഖാദിക്ക് വലിയ പാരമ്പര്യവും പൈതൃകവും ഉണ്ടെന്നും മന്ത്രി പറഞ്ഞു.

*************************************

## മനുഷ്യാവകാശ കമ്മീഷൻ

പി എസ് സി റാങ്ക് പട്ടിക തയ്യാറാക്കിയ വേളയിൽ ഭിന്നശേഷിവിഭാഗത്തിലുള്ളയാൾ എന്ന് രേഖപ്പെടുത്താത്തത് കാരണം അവസരം നഷ്ടമായെന്ന പരാതി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.കൊട്ടാരക്കര കുടവത്തൂർ സ്വദേശിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. പരാതിക്കാരനെക്കാൾ കുറഞ്ഞ മാർക്കുള്ളവർക്ക് പട്ടികയിൽ ഇടം ലഭിച്ചെന്നുള്ള ആരോപണം പരിശോധനാ വിധേയമാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

*************************************

*******************************************************************************************************

RNU TVPM